# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.329 — 30.11.2015 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) നെന്മാറ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ വ്യാപകമായ ആക്രമണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നെന്മാറ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന ചില പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) 2011 ന് ശേഷം സംഭവിച്ച കൃഷിനാശം, മനുഷ്യജീവന് ഉണ്ടായ അപകടം, പരിക്ക്, വളർത്തുമൃഗങ്ങ-ൾക്കുണ്ടായ അപകടങ്ങളും, പരിക്കുകളും സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) 2011-ന് ശേഷം വന്യജീവി ആക്രമണം മൂലം നെന്മാറ നിയോജകമണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കൃഷിനാശത്തിന്റേയും, അപകടങ്ങളുടേയും തോത് അനുസരിച്ച് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചാൽ 08.01.2015 ലെ ജി.ഒ (എം.എസ്) നം.02/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അടിസ്ഥാനമാക്കി നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.<br>22.03.2013 ലെ ജി.ഒ (എം.എസ്)നം.32/13/വനം ഉത്തരവ് പ്രകാരം വ്യക്തികൾക്ക് പരിക്ക് സംഭവിച്ചാൽ പരമാവധി 75,000/- രൂപ വരെ നൽകി വരുന്നുണ്ട്.<br>വന്യമൃഗങ്ങളുടെ ആക്രമണം മൂലം മരണമടയുന്നവർക്ക് 17.11.2014 ലെ ജി.ഒ (എം.എസ്)നം.96/14/വനം പ്രകാരം നിശ്ചയിച്ചിരിക്കുന്ന തുകയായ 5 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുന്നു. |

| | |
|---|---|
| (ഡി) വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ഡി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി ഇവയുടെ ആക്രമണം കൂടുതലുള്ള പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സൗരോർജ്ജ വേലി നിർമ്മിക്കുകയും, അവയുടെ പരിപാലനത്തിനായും നാട്ടിലിറങ്ങുന്ന വന്യജീവികളെ തിരിച്ച് കാട്ടിലേക്ക് കയറ്റിവിടുന്നതിനും വാച്ചർമാരെ നിയമിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വനജാഗ്രത സമിതിയുടെ നേതൃത്വത്തിൽ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുന്നതിനായി ക്യാമ്പ് മുതലായവ സംഘടിപ്പിച്ച് വരുന്നുണ്ട്.<br>കൊല്ലങ്കോട് റെയിഞ്ചിന്റെ പരിധിയിൽ ചെമ്മണാംപതിയിൽ 1.8 കിലോമീറ്റർ, 30 ഏക്കർ കോളനിയിൽ 1.6 കിലോമീറ്റർ, അല്ലിമൂപ്പൻ കോളനിയിൽ 3.2 കിലോമീറ്റർ, സീതാർകുണ്ട്-കള്ളിയാമ്പാറയിൽ 5.4 കിലോമീറ്റർ, കുളമ്പ്-പുളിയന്തോണിയിൽ 5 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്.<br>നെല്ലായമ്പതി റെയിഞ്ചിൽ ഓവുപാറ-കരിമ്പാറയിൽ 4.4 കിലോമീറ്റർ, ഗോവിന്ദാമല ചെക്കിംഗ് സ്റ്റേഷനു ചുറ്റും 0.5 കിലോമീറ്റർ, ഓവുപാറ-നേർച്ചപ്പാറയിൽ 3.6 കിലോമീറ്റർ, തളിപ്പാടം-പോത്തുണ്ടി 3.3 കിലോമീറ്റർ, പോത്തുണ്ടി-പോക്കാമട 3.25 കിലോമീറ്റർ, തളിപ്പാടം-കൽച്ചാടി 3.7 കിലോമീറ്റർ എന്നിവിടങ്ങളിലും സൗരോർജ്ജ വേലി നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**കൃഷി നാശം, മനുഷ്യ ജീവനുണ്ടായ അപകടം, പരിക്ക്, വളർത്തുമൃഗങ്ങൾക്കുണ്ടായ അപകടങ്ങളും പരിക്കുകളും സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് - 2011**

| പഞ്ചായത്ത് | കൃഷി നാശം | മനുഷ്യജീവനുണ്ടായ അപകടം (മരണം) | പരിക്ക് | വളർത്തു മൃഗങ്ങൾക്കുണ്ടായ അപകടം (മരണം) | പരിക്ക് |
|---|---|---|---|---|---|
| നെല്ലിയാമ്പതി | | 1 | | | |
| അയിലൂർ | 5 | | | | |
| എലവഞ്ചേരി | 4 | 1 | | | |
| പല്ലശ്ശേന | | 1 | | | |
| കൊല്ലങ്കോട് | | | 1 | | |

**കൃഷി നാശം, മനുഷ്യ ജീവനുണ്ടായ അപകടം, പരിക്ക്, വളർത്തുമൃഗങ്ങൾക്കുണ്ടായ അപകടങ്ങളും പരിക്കുകളും സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് - 2012**

| പഞ്ചായത്ത് | കൃഷി നാശം | മനുഷ്യജീവനുണ്ടായ അപകടം (മരണം) | പരിക്ക് | വളർത്തു മൃഗങ്ങൾക്കുണ്ടായ അപകടം (മരണം) | പരിക്ക് |
|---|---|---|---|---|---|
| അയിലൂർ | 2 | | | 1 | |
| നെല്ലിയാമ്പതി | | 1 | | | |
| കൊല്ലങ്കോട് | 2 | | | | |
| പുതുനഗരം | | 1 | | | |
| പല്ലശ്ശേന | | 1 | | | |
| വടവന്നൂർ | | 1 | | | |
| എലവഞ്ചേരി | 2 | | | | |
| മുതലമട | 1 | 1 | | | |

**കൃഷി നാശം, മനുഷ്യ ജീവനുണ്ടായ അപകടം, പരിക്ക്, വളർത്തുമൃഗങ്ങൾക്കുണ്ടായ അപകടങ്ങളും പരിക്കുകളും സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് - 2013**

| പഞ്ചായത്ത് | കൃഷി നാശം | മനുഷ്യജീവനുണ്ടായ അപകടം (മരണം) | പരിക്ക് | വളർത്തു മൃഗങ്ങൾക്കുണ്ടായ അപകടം (മരണം) | പരിക്ക് |
|---|---|---|---|---|---|
| അയിലൂർ | | | | 1 | |
| മുതലമട | 6 | 2 | 1 | 1 | |
| കൊടുവായൂർ | | 1 | | | |
| കൊല്ലങ്കോട് | | | 2 | | |
| നെന്മാറ | 3 | | | 11 | |
| അയിലൂർ | 1 | 1 | 1 | 3 | 1 |
| നെല്ലിയാമ്പതി | 1 | | 2 | | |
| എലവഞ്ചേരി | 2 | 1 | | 1 | |

**കൃഷി നാശം, മനുഷ്യ ജീവനുണ്ടായ അപകടം, പരിക്ക്, വളർത്തുമൃഗങ്ങൾക്കുണ്ടായ അപകടങ്ങളും പരിക്കുകളും സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് - 2014**

| പഞ്ചായത്ത് | കൃഷി നാശം | മനുഷ്യജീവനുണ്ടായ അപകടം (മരണം) | പരിക്ക് | വളർത്തു മൃഗങ്ങൾക്കുണ്ടായ അപകടം (മരണം) | പരിക്ക് |
|---|---|---|---|---|---|
| അയിലൂർ | 1 | | 1 | 5 | |
| എലവഞ്ചേരി | 8 | | 1 | 3 | |
| പല്ലശ്ശേന | | 1 | | | |
| കൊടുവായൂർ | | 2 | | | |
| മുതലമട | | | 1 | | |
| നെല്ലിയാമ്പതി | 1 | 1 | | 1 | |
| കൊല്ലങ്കോട് | | 2 | | | |
| വടവന്നൂർ | | | | 1 | |

**കൃഷി നാശം, മനുഷ്യ ജീവനുണ്ടായ അപകടം, പരിക്ക്, വളർത്തുമൃഗങ്ങൾക്കുണ്ടായ അപകടങ്ങളും പരിക്കുകളും സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് - 2015**

| പഞ്ചായത്ത് | കൃഷി നാശം | മനുഷ്യജീവനുണ്ടായ അപകടം (മരണം) | പരിക്ക് | വളർത്തു മൃഗങ്ങൾക്കുണ്ടായ അപകടം (മരണം) | പരിക്ക് |
|---|---|---|---|---|---|
| കൊല്ലങ്കോട് | | 2 | 3 | | |
| വടവന്നൂർ | | 1 | 2 | | |
| മുതലമട | | 1 | | 2 | |
| നെന്മാറ | 2 | | | 6 | |
| എലവഞ്ചേരി | 2 | | 1 | | |
| അയിലൂർ | 2 | | | 2 | |
| കൊടുവായൂർ | | 1 | | | |
| നെല്ലിയാമ്പതി | | | 2 | | |